എടത്വാ സബ്ട്രഷറി കെട്ടിട നിർമ്മാണം

12 [2875] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ എടത്വാ സബ്ട്രഷറി, വാടകകെട്ടിടത്തിൽ മൂന്നാം നിലയിൽ പ്രവർത്തിക്കുന്നതുമൂലം പെൻഷൻകാർ ഉൾപ്പെടെയുള്ളവർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എടത്വയിൽ സബ്ട്രഷറി കെട്ടിടം പണിയുന്നതിന് ബഡ്ജറ്റിൽ എത്ര വർഷമായി തുക ഉൾക്കൊള്ളിക്കുന്നുണ്ട്;

(സി) ഇതിന് ആവശ്യമായ പുറമ്പോക്ക് സ്ഥലം എടത്വാ കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് സമീപം ലഭ്യമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവിടെ കെട്ടിടം പണിയുന്നതിന് ഭരണാനുമതി നൽകി അത് എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ആവശ്യത്തിനായി 2002-2003 വർഷം മുതലുള്ള ബഡ്ജറ്റുകളിൽ തുക ഉൾക്കൊള്ളിക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) സ്ഥലം ട്രഷറി വകുപ്പിലേയ്ക്ക് മാറ്റി കിട്ടുന്നതിനുള്ള നടപടികൾ ആലപ്പുഴ ജില്ലാ കളക്ടർ കൈക്കൊണ്ടുവരുന്നു. പ്രസ്തുത നടപടികൾ പൂർത്തിയാവുകയും ട്രഷറിക്കുവേണ്ടി നിർമ്മിക്കേണ്ട കെട്ടിടത്തിന്റെ പ്ലാൻ പൊതുമരാമത്ത് വകുപ്പിനെകൊണ്ട് ചില പോരായ്മകൾ മാറ്റുകയും ചെയ്തതിനുശേഷം മാത്രമേ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകാൻ സാധിക്കുകയുള്ളൂ.

മുക്കം ആസ്ഥാനമായി ട്രഷറി

13 [2876] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം മണ്ഡലത്തിലെ മുക്കം ആസ്ഥാനമായി ട്രഷറി അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ഒരു ട്രഷറി അനുവദിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതാരംഭിക്കുന്നതിനായി കൈക്കൊണ്ട നടപടി വിശദീകരിക്കാമോ;

(ഡി) പ്രസ്തുത ട്രഷറിയുടെ പ്രവർത്തനം എന്നേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി—ഡി) പുതിയ ട്രഷറികൾ ആരംഭിക്കുക എന്നത് നയപരമായ ഒരു തീരുമാനമാണ്. ഇതിന്മേൽ ഗവൺമെന്റ് അന്തിമ തീരുമാനമൊന്നും എടുത്തിട്ടില്ല.

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിനുകീഴിൽ നടത്തിവരുന്ന ലോട്ടറികൾ

14 [2877] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിനുകീഴിൽ ഏതെല്ലാം ലോട്ടറികളാണ് നടത്തിവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ലോട്ടറികളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനും അതുവഴി വരുമാനം കൂട്ടുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നിലവിലുള്ള മാർക്കറ്റിംഗ് അവസ്ഥ പൂർണ്ണമായും ചൂഷണം ചെയ്യുന്നതിനും അതുവഴി സർക്കാരിന് കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനുമായി ആകർഷണീയമായ പുതിയ ലോട്ടറികൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പനയും വിപണനവും കാര്യക്ഷമമാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചൊവ്വാഴ്ചകളിൽ നറുക്കെടുപ്പു നടത്തുന്ന 'പെരിയാർ', വ്യാഴാഴ്ചകളിൽ നറുക്കെടുപ്പു നടത്തുന്ന 'ചൈതന്യ', വെള്ളിയാഴ്ചകളിൽ നറുക്കെടുപ്പു നടത്തുന്ന 'കൈരളി', ശനിയാഴ്ചകളിൽ നറുക്കെടുപ്പു നടത്തുന്ന 'സൗഭാഗ്യ' എന്നീ നാല് ഭാഗ്യക്കുറികൾക്കു പുറമെ പ്രതിവർഷം 6 ബംബർ ഭാഗ്യക്കുറികളും നടത്തിവരുന്നു.

(ബി) 'ചൈതന്യ' ഭാഗ്യക്കുറിയുടെ സമ്മാനഘടന ഈ വർഷം ആദ്യം പരിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ, 'കൈരളി'-യുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനു വേണ്ടി സമ്മാനഘടന ആകർഷകമായ രീതിയിൽ പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി ആന്റ് ഡി) സുപ്രീം കോടതി വിധിയെത്തുടർന്ന് നിരവധി ഓൺലൈൻ ഭാഗ്യക്കുറികൾ മാർക്കറ്റിൽ എത്തിയ സാഹചര്യത്തിൽ തൽക്കാലം പുതിയ ഭാഗ്യക്കുറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നില്ല.

(ഇ) സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly